**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3200** **26-06-2024 - ൽ മറുപടിയ്ക്ക്**

**മേലുകാവ് ഗ്രാമപഞ്ചായത്തിലെ കുരിശ്ശിങ്കൽ പാലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ അഞ്ച് കോടി രൂപ അനുവദിച്ച മേലുകാവ് ഗ്രാമപഞ്ചായത്തിലെ കുരിശ്ശിങ്കൽ പാലം പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; പ്രസ്തുത പാലം സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (എ) | കുരിശ്ശിങ്കൽ പാലം പദ്ധതിയ്ക്ക് DPR തയ്യാറാക്കി ഭരണാനുമതി നൽകിയിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തിയായി അതിന്റെ ജനറൽ ഡിസൈൻ ഡ്രോയിംഗ് 04/06/2024-ന് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിൽ നിന്നും ലഭ്യമായിട്ടുണ്ട്. ഡിസൈൻ അനുസരിച്ച് പ്രസ്തുത പ്രവൃത്തിയുടെ സാങ്കേതിക അനുമതിയ്ക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കികൊണ്ടിരിക്കുന്നു. മേൽ പ്രവൃത്തിയുടെ ഭൂമി ഏറ്റെടുക്കുവാനുള്ള സമ്മതപത്രം ഭൂഉടമകളിൽ നിന്നും ലഭ്യമായിട്ടില്ല. സമ്മതപത്രം ലഭ്യമായാലുടൻ തന്നെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകി പാലം നിർമ്മാണം പൂർത്തികരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ